ॐ

ബ്രഹ്മശ്രീ നീലകണ്ഠ തീർത്ഥപാദർ

സ്വാമി തൃപ്പാദങ്ങളുടെ

# "വേദാന്തമണിവിളക്ക്"

എന്ന ഗ്രന്ഥത്തെ ആസ്പദമാക്കിയുള്ള

# പ്രബന്ധം

# ആമുഖം

ജഗത്സൃഷ്ടിയുടെ ആരംഭകാലം മുതൽക്കെ മാനവരാശിയുടെ മുഖ്യമായ ജീവിത ലക്ഷ്യം സദാ മനസ്സിന് ശാന്തിയും സമാധാനവും സന്തോഷവും നേടുകയെന്ന താണ്. ശരീരധനാദികളായ ഭൗതിക വസ്തുക്കളിൽ നിന്നാണ് പ്രസ്തുത മനഃ ശാന്ത്യാദികൾ കിട്ടുന്നതെന്ന് തെറ്റിദ്ധരിച്ച് ആയത് നേടാനായി രാപകൽ കഷ്ട പ്പെടുന്നു. എന്നാൽ അതിൽ നിന്നു കിട്ടുന്ന സുഖാദികൾക്ക് ക്ഷണനേരത്തെ ആയുസ്സുമാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏറെയും ദുഃഖമാണ് അനുഭവിക്കുന്നത്. എന്നാൽ നിത്യാനന്ദലബ്ധിക്കുള്ള മാർഗ്ഗങ്ങൾ, സദാ ആനന്ദനിമഗ്നരായ ഋഷീശ്വര ന്മാർ, ആദ്ധ്യാത്മിക തത്ത്വശാസ്ത്ര ഗ്രന്ഥങ്ങളിലൂടെ, നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ, മാനവരാശിക്ക് സമർപ്പിച്ചിരുന്നു. അതിലുൾപ്പെട്ടതാണ് വേദോപനിഷത്തു ക്കളും പുരാണേതിഹാസങ്ങളും. ബഹുഭൂരിപക്ഷമാളുകളും പ്രസ്തുത ഗ്രന്ഥ ങ്ങൾ പഠിച്ച് സ്വജീവിതത്തിൽ പ്രാവർത്തികമാക്കാൻ തയ്യാറായില്ല. എന്നാൽ, പൂർവ്വജന്മസുകൃതത്താൽ, അപൂർവ്വ മഹാത്മാക്കൾ പ്രസ്തുത തത്ത്വശാസ്ത്രം ഗ്രഹിച്ച് മർത്ത്യജന്മം സഫലമാക്കി. ബ്രഹ്മശ്രീ ചട്ടമ്പിസ്വാമിത്തിരുവടികളും സ്വാമികളുടെ പ്രധാനശിഷ്യന്മാരായ ശ്രീനാരായണ ഗുരുദേവനും ശ്രീ നീലകണ്ഠ തീർത്ഥപാദർ സ്വാമികളും ശ്രീ തീർത്ഥപാദ പരമഹംസസ്വാമികളും ആത്മാനന്ദ നിർവൃതിയിലൂടെ ബ്രഹ്മത്വം പ്രാപിച്ച മഹാത്മാക്കളായിരുന്നു.

സ്മര്യപുരുഷനായ ശ്രീ നീലകണ്ഠതീർത്ഥപാദർ സ്വാമികൾ, ചട്ടമ്പിസ്വാമികളുടെ ആജ്ഞയനുസരിച്ച് നൂറോളം ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ സംസ്കൃതത്തിലും മലയാളത്തിലുമായി രചിച്ച് മാനവരാശിക്ക് സമർപ്പിച്ചു. സാധാരണക്കാർക്ക് ഗ്രഹി ക്കാൻ പാകത്തിനുള്ളതായിരുന്നു സ്വാമികളുടെ കൃതികളെല്ലാം. വേദാന്തമണി വിളക്ക്, ദേവാർച്ചാപദ്ധതി, അദ്വൈതപാരിജാതം, ബ്രഹ്മാഞ്ജലി, വിജ്ഞാന തരംഗിണി, വേദാന്തമാലിക,അദ്വൈതസ്തബകം,യോഗരഹസ്യകൗമുദി, സ്തവരത്നഹരം, കർണ്ണാമൃതം, ആത്മാമൃതം, ആനന്ദമന്ദാരം, ഹഠയോഗ പ്രദീപിക(വിവർത്തനം), ശ്രീരാമഗീതാഭാഷാ(വിവർത്തനം) എന്നിവ സ്വാമി കളുടെ ഗ്രന്ഥങ്ങളിൽ ചിലതുമാത്രമാണ്. സ്വാമിതൃപ്പാദങ്ങൾ ഗുരുവായ ചട്ടമ്പി സ്വാമിത്തിരുവടികൾക്ക് നൽകിയ ഏറ്റവും ശ്രേഷ്ഠമായ ദക്ഷിണയായിരുന്നു പ്രസ്തുതഗ്രന്ഥങ്ങൾ. ശ്രീകൃഷ്ണ ഭഗവാൻ, തന്റെ ഭക്തനായ ഉദ്ധവർക്ക്, ആത്മോപദേശം നൽകുന്ന കൂട്ടത്തിൽ, ദക്ഷിണയ്ക്കു നൽകിയ നിർവ്വചനമിതായിരുന്നു. ''ദക്ഷിണാ ജ്ഞാനസന്ദേശഃ''. അതായത് ഗുരുവിൽ നിന്നു കിട്ടിയ ആത്മജ്ഞാനം മാനവരാശിക്ക് ഉപദേശിച്ചു കൊടുക്കുന്നതാണ്, ശിഷ്യൻ ഗുരുവിനു നൽകുന്ന യഥാർത്ഥ ദക്ഷിണ. ഇവിടെ സ്വാമിതൃപ്പാദങ്ങൾ, പ്രസ്തുത ദക്ഷിണാകർമ്മം ഗ്രന്ഥരചനയിലൂടെയും മറ്റും നിർവ്വഹിച്ചു.

ശ്രീ നീലകണ്ഠ തീർത്ഥപാദർസ്വാമികൾ കേകവൃത്തത്തിൽ, മലയാളഭാഷയിൽ, എഴുതിയ **''വേദാന്തമണിവിളക്കെന്ന''** ഗ്രന്ഥത്തെ ആസ്പദമാക്കിയുള്ളതാണ്

ഈ പ്രബന്ധം. സകലജീവരാശികളുടെയും ഉള്ളിൽ സ്വയമേവ വിളങ്ങുന്നതും ആനന്ദസ്വരൂപവുമായ പരമാത്മ ചേതനതന്നെയാണ് നമ്മുടെ ഉള്ളിലും പരിലസിക്കുന്നതെന്ന് അനുഭവവേദ്യമാക്കുന്നതാണീ കൃതി. അമ്പതുഖണ്ഡ ങ്ങളിലായിട്ടാണ് ഇതെഴുതിയിരിക്കുന്നത്. ജ്ഞാനജിജ്ഞാസുക്കൾക്ക് അവശ്യം അറിയേണ്ടതെല്ലാം ഇതിലുണ്ട്.

# വേദാന്തമണിവിളക്ക്

നിർഗുണ-നിരാകാരമായ പരബ്രഹ്മത്തെയും, സഗുണഭാവം കൈകൊണ്ട ത്രിമൂർത്തികളെയും സനകാദി ഋഷീശ്വരന്മാരെയും ശ്രീമദ് ശങ്കരാചാര്യ സ്വാമി കൾ തുടങ്ങിയ അദ്വൈതവാദികളായ മഹാത്മാക്കളെയും വിശിഷ്യ, ബ്രഹ്മശ്രീ ചട്ടസ്വാമി തൃപ്പാദങ്ങളെയും മനസ്സാ നമസ്കരിച്ച് അനുഗ്രഹം വാങ്ങിയ ശേഷമാണ് സ്വാമികൾ ഗ്രന്ഥരചന സമാരംഭിച്ചത്.

## ജഗത്സൃഷ്ടി

പരബ്രഹ്മചേതനയെക്കുറിച്ച് അറിയണമെങ്കിൽ, ആദ്യം ജഗത്സൃഷ്ടിയെക്കുറിച്ച് അറിയണം. സകലജീവരാശികളുടെയും ശരീരം ഓരോരോ ജഗത്തുതന്നെയാണ്. എന്തെല്ലാം ഘടകങ്ങളാണ് അതിൽ അടങ്ങിയിരിക്കുന്നതെന്ന് അറിഞ്ഞെങ്കിൽ മാത്രമേ, യാതൊന്നിന്റെ ചേതന കൊണ്ടാണ് ജഗത്തും ജീവരാശികളുടെ ശരീരവും സ്പന്ദിക്കുന്നതെന്ന് അറിയാൻ കഴിയൂ.

## ആവരണ-വിക്ഷേപങ്ങളും പഞ്ചജ്ഞാന-കർമ്മേന്ദ്രിയോല്പത്തിയും

പരബ്രഹ്മത്തിന്റെ ധർമ്മമായ അഥവാ ശക്തിയായ മായയും ബ്രഹ്മവും അഭിന്ന മാണ്. വേർതിരിക്കാൻ കഴിയില്ല. അഗ്നിയും അതിന്റെ ധർമ്മമായ ദാഹകശക്തി യെയും പോലെ. ബ്രഹ്മപ്രതീകമായ പരമശിവനും മായാശക്തിയുടെ പ്രതീകമായ ശ്രീപാർവ്വതിയും അർദ്ധനാരീശ്വരരൂപത്തിൽ കാണപ്പെടുന്നതിന്റെ രഹസ്യമിതാണ്. ബ്രഹ്മവും മായയും അഭേദ്യമായിരിക്കുമ്പോൾ ജഗത് സൃഷ്ടിയേ ഇല്ല.

എപ്പോഴാണോ നിർഗുണമായ ബ്രഹ്മം സഗുണമാകുന്നത് (സത്വ-രജോ-താമസ ഗുണങ്ങൾക്ക് വിധേയമാകുന്നത്) അപ്പോഴാണ് ജഗത് സൃഷ്ടി ഉണ്ടാകുന്നത്. സൃഷ്ടി നടത്താൻ ആഗ്രഹിക്കുമ്പോൾ ബ്രഹ്മത്തിൽ നിന്ന് മായ അകലുന്നു. അപ്പോൾ മായ, മൂലപ്രകൃതിയെന്ന് അറിയപ്പെടുന്നു. ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെ മായയ്ക്ക് രണ്ട് വശങ്ങളുണ്ട്. ആവരണ-വിക്ഷേപശക്തി കളാണവ. വിക്ഷേപശക്തിയിൽ നിന്നാണ് പഞ്ചഭൂത തന്മാത്രകളായ ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവയും അതിൽ നിന്നും യഥാക്രമം സ്ഥൂലമായ ആകാശം, വായു, അഗ്നി, ജലം, ഭൂമി എന്നീ സ്ഥൂലപഞ്ചഭൂത ങ്ങളുമുണ്ടായത്.

**"ഈശ്വരേച്ഛയാൽ തന്നെ മങ്ങാതെ പ്രകൃതിതാൻ**
**രണ്ടു രൂപങ്ങൾ പൂണ്ടു ഒന്നു വിക്ഷേപമന്ന്യ-**
**മാവരണവുമതിലൊന്നാമതാകും വിക്ഷേ-**
**പാഖ്യതാനാകാശമായ് ".**

ഈ വിധമാണ് സ്വാമികൾ രണ്ടാം ഖണ്ഡത്തിൽ പഞ്ചഭൂതസൃഷ്ടിയെക്കുറിച്ച് പറഞ്ഞുപോകുന്നത്.

മായ, സത്വ-രജോ-തമോഗുണങ്ങൾ ഉൾപ്പെട്ടതായതിനാൽ പഞ്ചഭൂതങ്ങളും ത്രിഗുണാത്മകമാണ്. ഓരോ പഞ്ചഭൂത തന്മാത്രകളുടെയും സത്വഗുണത്തിൽ നിന്നുമാണ് പഞ്ചജ്ഞാനേന്ദ്രിയങ്ങൾ (ചെവി, കണ്ണ്, ത്വക്ക്, നാവ്, നാസിക) എന്നിവ ഉണ്ടായത്. പഞ്ചഭൂത തന്മാത്രകളുടെ മൊത്തം സത്വഗുണത്തിൽ നിന്ന് ബുദ്ധിയും മനസ്സുമുണ്ടായി. ജ്ഞാനേന്ദ്രിയങ്ങളും ബുദ്ധിയും ചേർന്നപ്പോൾ വിജ്ഞാനമയ കോശവും, ജ്ഞാനേന്ദ്രിയങ്ങളും മനസ്സും ചേർന്നപ്പോൾ മനോമയ കോശവും ഉണ്ടായി. മോദം, പ്രമോദം, പ്രിയം ഇവയോടു ചേർന്ന അജ്ഞാനമാണ് ആനന്ദമയ കോശം.

പഞ്ചഭൂതങ്ങളുടെ രജോഗുണത്തിൽ നിന്നുമാണ് യഥാക്രമം വാക്ക്, പാണി, പാദം, പായു, ഉപസ്ഥം എന്നീ കർമ്മേന്ദ്രിയങ്ങളുണ്ടായത്. പഞ്ചഭൂതതന്മാത്രകളുടെ മൊത്തം രജോഗുണത്തിൽ നിന്നുമാണ് പ്രാണനുണ്ടായത്. പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്നീ പേരുകളിൽ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു. ഈ കർമ്മേന്ദ്രിയങ്ങളും പ്രാണനും ചേരുമ്പോളാണ് പ്രാണമയകോശമുണ്ടാകുന്നത്. സ്ഥൂലശരീരം തന്നെയാണ് അന്നമയകോശം.

## അന്തഃകരണോല്പത്തി

വാസനാമയമായ അന്തഃകരണം, സങ്കല്പ-വികല്പങ്ങൾ, ആഗ്രഹം, സംശയം എന്നീ വൃത്തികളിൽ ഏർപ്പെടുമ്പോൾ മനസ്സെന്നു പറയും. സ്മരിക്കുമ്പോൾ ചിത്തമെന്നും ഏതെങ്കിലും കാര്യത്തിൽ ഉറച്ച തീരുമാനമെടുക്കുമ്പോൾ ബുദ്ധിയെന്നും കർതൃത്വ-ഭോക്തൃത്വഭാവത്തോടെ കർമ്മം ചെയ്യുമ്പോൾ, അഹങ്കാരമെന്നും പറയും. ഇതിനു നാലിനും കൂടി അന്തഃകരണ വൃത്തികളെന്നാണ് പറയുന്നത്. ഇപ്പറഞ്ഞ വസ്തുത സ്വാമികൾ ചുരുക്കിപ്പറഞ്ഞതിങ്ങനെയാണ്.

**"പൃത്ഥ്യംബുതേജോ വായുവാകാശമിവകളിൽ**
**പൃഥക് സത്വാംശസംഘാൽ വികല്പനിശ്ചയങ്ങൾ**
**വൃത്തികളായിട്ടുള്ള മനോബുദ്ധികളുണ്ടായ്**
**ചിത്താഹങ്കാരം രണ്ടുമിവയിലന്തർഭൂതം."**

വാസനാക്ഷയം ഉണ്ടാകുമ്പോൾ അന്തഃകരണം ഇല്ലാതാകും. അപ്പോൾ മാത്രമേ ജീവാത്മാവിന്, സ്വാധാരമായ പരമാത്മാവിനെ അനുഭവവേദ്യമാക്കാൻ കഴിയൂ. അഥവാ ‘‘അഹം ബ്രഹ്മാസ്മി (ഞാൻ ബ്രഹ്മമാകുന്നു) ’’ എന്ന അനുഭവമുണ്ടാകൂ.

### പഞ്ചീകരണപ്രക്രിയ

ഓരോ പഞ്ചഭൂത തന്മാത്രകളുടെയും നേർപകുതിയോട് മറ്റുള്ള തന്മാത്രകളുടെ നാലിലൊന്ന് അംശം ചേർത്ത് പഞ്ചഭൂതങ്ങളെ സൃഷ്ടിക്കുന്ന പ്രക്രിയയ്ക്കാണ് പഞ്ചീകരണമെന്ന് പറയുന്നത്.

ഉദാ: ശബ്ദ തന്മാത്രയെ രണ്ടായി വിഭജിക്കുക. അതിന്റെ നേർപകുതിയോട് മറ്റുള്ള തന്മാത്രകളുടെ (സ്പർശം, രൂപം, രസം, ഗന്ധം) നാലിലൊന്ന് അംശം ചേർക്കുമ്പോളാണ് ആകാശമെന്ന പഞ്ചഭൂതമുണ്ടാകുന്നത്. ഇതുപോലെ മറ്റുള്ള തന്മാത്രകളോട് ശേഷിച്ച തന്മാത്രകൾ മുമ്പുപറഞ്ഞ അളവനുസരിച്ച് ചേർക്കു മ്പോൾ അഗ്നി തുടങ്ങിയ മറ്റു പഞ്ചഭൂതങ്ങളും ഉണ്ടാകും. നമ്മുടെ ദൃഷ്ടിക്കു ഗോചരമായി പതിന്നാലു ലോകങ്ങൾ ഉൾപ്പെട്ട ജഗത്തും അതിലുൾപ്പെട്ട സകലജീവരാശികളുടെയും ശരീരം സൃഷ്ടമായത് ഇപ്പറഞ്ഞ പഞ്ചഭൂതങ്ങളിൽ നിന്നാണ്. മൂന്നാം ഖണ്ഡത്തിൽ പറഞ്ഞതിങ്ങനെയാണ്.

**‘‘അഞ്ചു ഭൂതങ്ങളേയും മെല്ലവെ ഈരണ്ടാക്കി –**
**പഞ്ചഭാഗമാമാദിപിന്നെയും നന്നാലാക്കി**
**തന്നുടെയംശം വിട്ടിട്ടിതരഭാഗേ യോഗം–**
**വന്നീടുന്നതു പഞ്ചീകരണം ബുധമതം.**
**അണ്ഡങ്ങൾ പ്രജകളും ലോകങ്ങൾ പതിന്നാലും**
**മണ്ഡലങ്ങളുമിവ തന്നാലെ ചെയ്യപ്പെട്ടു.’’**

### ത്രിവിധ ശരീരങ്ങൾ

ഏതൊരു ജീവിക്കും മൂന്നു ശരീരങ്ങളുണ്ട്. കാരണ-സൂക്ഷ്മ-സ്ഥൂല ശരീരങ്ങ ളാണവ. കാരണശരീരമെന്നത് നമ്മുടെ അജ്ഞാനം തന്നെയാണ്. ജ്ഞാന-കർമ്മേന്ദ്രിയങ്ങൾ പത്തെണ്ണവും അന്തഃകരണവൃത്തികളായ പഞ്ചപ്രാണന്മാരും മനസ്സും ചിത്തവും ബുദ്ധിയും അഹങ്കാരവും ചേർന്നതാണ് സൂക്ഷ്മശരീരം. സൂക്ഷ്മശരീരത്തിൽ ആകാശാദിപഞ്ചഭൂതങ്ങളും കൂടി ചേരുമ്പോളാണ് സ്ഥൂല ശരീരമുണ്ടാകുന്നത്.

### സമഷ്ടി–വ്യഷ്ടിശരീരങ്ങൾ

ഈ സന്ദർഭത്തിൽ സ്വാമികൾ വിശദമാക്കിയിട്ടില്ലെങ്കിലും, അറിയേണ്ട ഒരു വസ്തുത കൂടി പ്രതിപാദിക്കുന്നു. ജഗത്തിനെ മൊത്തത്തിലെടുത്തു പറയുമ്പോൾ

സമഷ്ടിശരീരമെന്നും ജീവികളുടെ ശരീരം പ്രത്യേകിച്ചെടുത്തു പറയുമ്പോൾ വ്യഷ്ടിശരീരമെന്നും പറയും. ഉദാ: വൃക്ഷങ്ങളെ വ്യഷ്ടിയെന്നും വൃക്ഷങ്ങൾ ഒന്നിച്ചുചേർന്ന വനത്തെ സമഷ്ടിയെന്നും പറയുമ്പോലെ.

ജാഗ്രത്, സ്വപ്ന, സുഷുപ്തി, തുരീയം എന്നീ നാലവസ്ഥകൾ ഉണ്ട്. തുരീയാവസ്ഥയിൽ എത്തുന്നത് യോഗീശ്വരന്മാർ മാത്രമാണ്.

സമഷ്ടിയിൽ, ജാഗ്രദവസ്ഥയിൽ, മായയിൽ പ്രതിബിംബിച്ച പരമാത്മാചൈതന്യത്തിനെ വിരാട്ടെന്നും സ്വപ്നാവസ്ഥയിൽ ഹിരണ്യഗർഭൻ അഥവാ സൂത്രാത്മാവെന്നും സുഷുപ്ത്യവസ്ഥയിൽ ഈശ്വരനെന്നും പറയും.

വ്യഷ്ടിയിൽ, ജാഗ്രദവസ്ഥയിൽ, അവിദ്യയിൽ പ്രതിബിംബിച്ച പരമാത്മാചൈതന്യത്തെ അഥവാ കൂടസ്ഥചൈതന്യത്തെ വിശ്വനെന്നും സ്വപ്നാവസ്ഥയിൽ തൈജസനെന്നും സുഷുപ്ത്യവസ്ഥയിൽ തുരീയനെന്നും പറയും.

**“ വിശ്വരൂപാ ജാഗരണീ സ്വപന്തീ തൈജസാത്മികാ**
**സുപ്താ പ്രാജ്ഞാത്മികാ തുര്യാ സർവ്വാവസ്ഥാ വിവർജിതാ”**

എന്ന് ശ്രീ ലളിതാസഹസ്രനാമസ്തോത്രത്തിൽ, സ്ത്രീലിംഗ വാചകത്തിൽ, ഈ വസ്തുത പരാമർശിക്കുന്നുണ്ട്.

### മനുഷ്യജന്മം എപ്പോൾ കിട്ടും?

സ്വാമികൾ നാലാം ഖണ്ഡത്തിൽ പറയുന്നതിങ്ങനെയാണ്.

**“പാപപുണ്യങ്ങൾ ചേർന്നു മാനുഷനായ് ജനിച്ചു**
**താപഹീനമാം മോക്ഷദ്വാരത്തെയടയാതെ**
**ഗംഭീരമായുള്ളൊരു നദിയിൽ ചുഴലിയാ-**
**മംഭസ്സിലുരുളുന്ന കീടമെന്നതുപോലെ**
**കർമ്മത്താൽ പുനർഭവമതിനാൽ കർമ്മങ്ങളും**
**മേന്മേലെ വരുന്നിതു ഭൂതാനാം ബാഹ്യദൃഷ്ട്യാ.”**

ഏതൊരു ജീവനും കർമ്മഫലത്തിനു വിധേയമായി ഓരോരോ ശരീരങ്ങൾ സ്വീകരിക്കുന്നു. അണ്ഡജം, ജരായുജം, സ്വേദജം, ഉദ്ഭിജം എന്നിവയാണവ. പുണ്യമാണ് കൂടുതലെങ്കിൽ മനുഷ്യരേക്കാൾ ഉത്കൃഷ്ടജന്മം കിട്ടും. അതായത് യക്ഷ, കിന്നര, ഗന്ധർവ്വ ദേവാദികളായിട്ടു ജനിക്കും. പാപമാണ് കൂടുതലെങ്കിൽ പക്ഷിമൃഗാദികളൊ വൃക്ഷലതാദികളായൊ ജനിക്കും. പുണ്യപാപങ്ങൾ

ഒരേ അനുപാതത്തിലാണെങ്കിൽ മനുഷ്യജന്മവും കിട്ടും. അപ്പോൾ മാത്രമേ മോക്ഷം സിദ്ധിക്കൂ.

കർമ്മഫലത്താലുണ്ടാകുന്ന ദുഃഖസമ്പൂർണ്ണമായ ജന്മത്തെക്കുറിച്ച് സ്വാമികൾ പറഞ്ഞതിന്റെ സാരാംശമിതാണ്. ഗംഭീരമായ നദിയിലുണ്ടാകുന്ന ചുഴിയിലെ ജലത്തിൽ ഉരുളുന്ന കീടത്തെപ്പോലെ ജീവികൾക്ക് കർമ്മഫലത്താൽ വീണ്ടും ജനനം ഉണ്ടാകുന്നു. അതിനെയാണ് അദ്ധ്യാത്മശാസ്ത്രത്തിൽ സംസാരചക്രമെന്ന് പറയുന്നത്. ശ്രീമദ് ശങ്കരാചാര്യസ്വാമികൾ തന്റെ കൃതിയായ ഭജഗോവിന്ദത്തിൽ പറഞ്ഞതും ഇവിടെ ശ്രദ്ധേയമാണ്.

**"പുനരപി ജനനം പുനരപി മരണം**
**പുനരപി ജനനീ ജഠരേ ശയനം"**.....

## അനുബന്ധചതുഷ്ടയം

മേൽപ്പറഞ്ഞ സംസാരചക്രത്തിൽ നിന്നും മോചനം നേടാൻ ഏകാഗ്രബുദ്ധിയോടുകൂടി അനുഷ്ഠിക്കാനുള്ള സാധനയാണ് അനുബന്ധചതുഷ്ടയമെന്ന് അഞ്ചാം ഖണ്ഡത്തിൽ പറയുന്നു.

**"നല്ലനുബന്ധചതുഷ്ടയത്തിൽ ജ്ഞാനത്തിനാ-**
**ലില്ലാ ക്ലേശത്തിൻ ലേശമെന്നാലായതാം വഴി.**
**അനുബന്ധങ്ങൾ പ്രയോജനവും വിഷയവും**
**വിനയമുള്ളോരധികാരിയും സംബന്ധവും"**.

അതായത് വിഷയം, പ്രയോജനം, സംബന്ധം, അധികാരി എന്നിവയാണ് അനുബന്ധചതുഷ്ടയങ്ങൾ. സ്വാമികൾ അത് ഓരോന്നും എന്തെന്ന് വിവരിക്കുന്നത് ഇങ്ങനെയാണ്.

വിഷയം, ബ്രഹ്മവും പ്രയോജനം, നിത്യാനന്ദവും സംബന്ധം, ബോധ്യബോധക ഭാവവും (ഗുരു-ശിഷ്യഭാവം) അധികാരി, സാധനാചതുഷ്ടയ സമ്പന്നനുമാണ്.

മലം, വിക്ഷേപം, ആവരണം എന്നിവയെ നിഷ്കാമകർമ്മം, ഉപാസന എന്നിവ കൊണ്ട് ക്രമത്താൽ നീക്കി, അജ്ഞാനം മാറ്റിയിട്ട്, മോക്ഷം ഇച്ഛിക്കുന്ന മഹാത്മാവാണ് സാധനാചതുഷ്ടയത്തിന് അധികാരി.

# സാധനാചതുഷ്ടയങ്ങൾ

### 1. നിത്യാനിത്യവസ്തു വിവേകം

"ബ്രഹ്മം മാത്രമാണ് നിത്യമായിട്ടുള്ളത്. ജഗത്ത് അനിത്യമാണ് " എന്നിങ്ങനെ

ശ്രുതി-സ്മൃതി-പുരാണാദികൾ പഠിക്കുമ്പോൾ സ്വയം ഉണ്ടാകുന്ന ജ്ഞാനമാണ് ഈ വിവേകം.

**2. ഇഹാമുത്രഫലഭോഗവിരാഗം**

ഈ ലോകത്തിലെ ധനാദി സകല സമ്പദൈശ്വര്യവും പരലോകത്തിലെ അപ്സര സ്ത്രീവിഷയാദിഭോഗങ്ങളും അനിത്യമാണ്. ഈ വസ്തുത മനസ്സിലാക്കി, നായ ഛർദ്ദിച്ച ഭക്ഷണത്തിലും മലമൂത്രാദികളിലും സാധകന് എത്രമാത്രം വെറുപ്പു ണ്ടാകുന്നുവോ അതുപോലെ അത്രമാത്രം വെറുപ്പ് ധനാദികളിലുണ്ടാകുന്നതിനെ യാണ് വൈരാഗ്യമെന്ന് പറയുന്നത്.

**3. ശമാദിഷട്കസമ്പത്തി**

ശമം, ദമം, ഉപരതി, തിതിക്ഷ, സമാധാനം, ശ്രദ്ധ എന്നിവയാണ് ശമാദിഷട്കം. ഇവ ഓരോന്നും വിശദമാക്കുന്നതിങ്ങനെയാണ്.

ശമമെന്നാൽ മനസ്സിന്റെ നിയന്ത്രണവും ഉപരതിയെന്നാൽ നിഷ്കാമ കർമ്മാനു ഷ്ഠാനമോ ലോകവ്യവഹാരങ്ങളിൽ ഏർപ്പെടാതിരിക്കുകയോ എന്നു പറയാം.

തിതിക്ഷയെന്നാൽ ഉദാസീനനായി ദുഃഖത്തെ സഹിക്കുകയെന്നും സമാധാന മെന്നാൽ ശബ്ദാദി വിഷയങ്ങളിൽ അഥവാ മനസ്സിനെ ബ്രഹ്മചേതനയിൽ ഉറപ്പിച്ചുനിറുത്തുകയെന്നും ശ്രദ്ധയെന്നാൽ ഗുരൂപദേശം, വേദാന്തവാക്യം എന്നി വയിലുള്ള വിശ്വാസമെന്നും മുമുക്ഷുത്വമെന്നാൽ നിത്യജീവിതത്തിലെ സകല വിഷയസുഖാദികളും വാസനകളും ഉപേക്ഷിച്ച് നിത്യാനന്ദപ്രദമായ മോക്ഷം പ്രാപിക്കണമെന്നുള്ള തീവ്രമായ ആഗ്രഹമെന്നുമാണ്.

ശ്രവണം, മനനം, നിദിദ്ധ്യാസനം, തത്ത്വമസി വാക്യാർത്ഥചിന്തനം എന്നിങ്ങനെ നാലുംകൂടി ചേർന്ന് ജ്ഞാനസാധനം എട്ടെണ്ണമാണ്. വേദാന്താർത്ഥ വിചിന്തനത്തെ ശ്രവണമെന്നും ജീവാത്മാ-പരമാത്മൈക്യത്തിന് വിരോധ മായിട്ടുള്ളതിനെ യുക്തികൊണ്ട് തത്ത്വം ഉറപ്പിക്കുന്നതിനെ മനനമെന്നും, ജീവേശ്വരൈക്യബോധം സിദ്ധിക്കുമ്പോൾ ഉണ്ടാകുന്ന ചിത്തൈകാകാരവൃത്തി യെ നിദിദ്ധ്യാസനമെന്നും തത്+ത്വം+അസി (തത്ത്വമസി - അത് നീയാകുന്നു അഥവാ ജീവാത്മാവും ഈശ്വരനും ഒന്നുതന്നെ) എന്ന ബോധം ഉറയ്ക്കുന്ന തിനെ തത്ത്വമസി വാക്യാർത്ഥ ചിന്തനമെന്നും പറയും. ഈ വിഷയം വിശദമായി വേദാന്തപ്രകരണഗ്രന്ഥമായ വിവേകചൂഢാമണിയിലും പഞ്ചദശിയിലും പ്രതിപാദി പ്പിച്ചിട്ടുണ്ടെന്ന് സ്വാമികൾ ഓർമ്മിപ്പിച്ചു.

**അഷ്ടാംഗയോഗം**

അഷ്ടാംഗയോഗം എന്നതെന്തെന്ന് ഏഴാം ഖണ്ഡത്തിൽ പറയുന്നത് ഇങ്ങനെയാണ്.

**“യമവും നിയമവുമാസനം പ്രാണായാമ-**
**മമല പ്രത്യാഹാരം ധാരണാ ധ്യാനമഥ**
**സമാധി എന്നിങ്ങനെ അഷ്ടാംഗയുക്തം യോഗ-**
**മേവമെല്ലാമെ യോഗസൂത്രത്തിൽ കാണുന്നിതു”.**

ഇവ ഓരോന്നും എന്തെന്നുകൂടി വിശദമാക്കിയിട്ടുണ്ട്. അഹിംസാ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം ഇവയെയാണ് യമമെന്നുപറയുന്നത്. ശൗചം, സന്തോഷം, തപസ്സ്, സ്വാദ്ധ്യായം, ഈശ്വരപ്രണിധാനം ഇവയാണ് നിയമം. മനസ്സ്, വാക്ക്, ശരീരം ഇവയാൽ ജീവരാശികൾക്ക് യാതൊരുവിധ ദ്രോഹവും ചെയ്യാതിരിക്കലാണ് അഹിംസ. മനസ്സും വാക്കും ഒരുപോലെ ശുദ്ധമായിരിക്കുക എന്നതാണ് സത്യം. ഇവിടെ ശ്രീകൃഷ്ണഭഗവാൻ സത്യത്തെക്കുറിച്ച് ഉദ്ധവർക്ക് നല്കിയ നിർവചനം ഇതായിരുന്നു. **“സത്യം ച സമദർശനം”** (സകലജീവരാശികളിലും പരിലസിക്കുന്ന ആത്മചേതന ഏകമെന്ന് ദർശിക്കുന്നതാണ് സത്യം). അങ്ങനെ ദർശിക്കണമെങ്കിൽ സ്വാമികൾ പറഞ്ഞതുപോലെ മനോവാക്കുകൾ ശുദ്ധമായിരിക്കണം. അന്യന്റെ വസ്തുക്കൾ അപഹരിക്കാതിരിക്കുന്നത് അസ്തേയവും സ്ത്രീകളുടെ കഥകൾ കേൾക്കുക, പറയുക, അവരെ ദർശിക്കുക തുടങ്ങിയ ഏഴുവിധ കർമ്മങ്ങളും വിട്ട് അവരെക്കുറിച്ച് ചിന്തിക്കാതിരിക്കുന്നതാണ് ബ്രഹ്മചര്യം. സർവ്വസുഖങ്ങളും ഉപേക്ഷിക്കുന്നത് അപരിഗ്രഹമാണ്. ദേഹശുദ്ധി ബാഹ്യശൗചമാണ്. സജ്ജനങ്ങളോട് മൈത്രി, ദുഃഖിതരോട് കരുണ, പുണ്യവാന്മാരോട് സന്തോഷം, പാപികളോട് ഉദാസീനത എന്നിവയാണ് ആഭ്യന്തര ശൗചം. സംതൃപ്തിയാണ് സന്തോഷം. ഇന്ദ്രിയങ്ങളെ നിവർത്തിപ്പിച്ച് മനസ്സിനെ അന്തർമുഖമാക്കി ഏകാഗ്രതയോടെ വർത്തിക്കുന്നതാണ് തപസ്സ്. അതുതന്നെ കായികം, വാചികം, മാനസികം എന്നിങ്ങനെ മൂന്നുവിധമുണ്ട്.

## യോഗാസന-പ്രാണായാമങ്ങൾ

**“സംഖ്യയില്ലാതവണ്ണമാസനമുണ്ടവയിൽ-**
**മുഖ്യമായറുപത്തുനാലതിൽ നാലാം ശ്രേഷ്ഠം.**
**സിംഹവും സിദ്ധം ഭദ്രം പത്മവുമിവകളാം**
**സംഹിതാദിയാം യോഗതന്ത്രാദീലുണ്ടിവകൾ”-**

എന്നു സ്വാമികൾ ഏഴാം ഖണ്ഡത്തിൽ പറയുന്നു.

പ്രാണന്റെ നിരോധനമാണ് പ്രാണായാമമെന്നും പറഞ്ഞു. ഇതെല്ലാം ഗുരുമുഖത്തുനിന്നുമാണ് അഭ്യസിക്കേണ്ടത്. അല്ലാതെ പഠിച്ചാൽ വിപരീത ഫലമുണ്ടാകുമെന്ന് പരോക്ഷമായി സൂചിപ്പിക്കുകയും ചെയ്തു.

ഇന്ദ്രിയങ്ങളെ വിഷയങ്ങളിൽ നിന്നും നിവർത്തിപ്പിക്കുന്നതാണ് പ്രത്യാഹാരം.

ഭ്രൂമദ്ധ്യത്തിൽ, ആത്മജ്യോതിസ്സിനെ ഭാവനചെയ്ത് മനസ്സിനെ നിറുത്തുന്നതാണ് ധാരണ. മനസ്സിനെ തൈലധാരപോലെ, ഇടമുറിയാതെ, അപ്രകാരം ബന്ധിപ്പിക്കുന്നതാണ് ധ്യാനം.

ഉപ്പ് വെള്ളത്തിൽ ലയിക്കുന്നതുപോലെ ജീവാത്മാ-പരമാത്മാക്കളും പ്രാണന്മാരും ഒന്നായിച്ചേർന്ന് ബ്രഹ്മാകാരവൃത്തിയെ പ്രാപിക്കുന്ന അവസ്ഥയാണ് സമാധി. ഇതും ഗുരുമുഖത്തു നിന്നുമാണ് അഭ്യസിക്കേണ്ടത്.

## സമാധി രണ്ടുവിധം

നിർവികല്പവും സവികല്പവുമാണവ. പുണ്യ-പാപ കർമ്മഫലങ്ങളും വാസനയും നശിക്കുമ്പോൾ അപരോക്ഷാനുഭൂതി അതായത് നിത്യവും നിർവിഷയവുമായ ആനന്ദം അനുഭവിക്കുന്ന അവസ്ഥയാണ് നിർവികല്പ സമാധി. ഈ സമാധിക്ക് തടസ്സങ്ങളായ ലയം, വിക്ഷേപം, കഷായം, രസാസ്വാദം എന്നിങ്ങനെ നാല് അവസ്ഥകളുമുണ്ടെന്ന് വിശദമാക്കുന്നു. പ്രസ്തുത തടസ്സങ്ങൾ ഒഴിവായാൽ, മോക്ഷാർത്ഥിക്ക് ധാരണാ, ധ്യാനങ്ങൾ കടന്ന് ജ്ഞേയമായ (അറിയേണ്ട) വിഷയത്തിൽ ചിത്തത്തെ ദൃഢമായി ഉറപ്പിച്ചു നിർത്താൻ കഴിയും. കാറ്റില്ലാത്ത സ്ഥലത്ത് തെളിയുന്ന ദീപം പോലെ നിശ്ചലമായിരിക്കുന്ന, നിഷ്ചിന്താവസ്ഥയെ അനുഭവിക്കാൻ കഴിയും. അതിനെയാണ് സമാധിയെന്നു പറയുന്നത്.

## ആവരണം രണ്ടുവിധം

അസത്വാവരണവും അഭാനാവരണവുമാണവ. സദ്വസ്തു ഇല്ലെന്ന് തോന്നിപ്പിക്കുന്നതിനെ അസത്വാവരണമെന്നും സദ്വസ്തു ഉണ്ടെന്ന് തോന്നിയാൽപോലും, അത് പ്രകാശിക്കുന്നില്ല എന്നുള്ള തോന്നലിനെ, അഭാനാവരണവുമെന്ന് സ്വാമികൾ വിശദമാക്കി.

പത്താം ഖണ്ഡത്തിൽ ശമം, തത്ത്വവിചാരം, സന്തോഷം, സാധുസംഗം എന്നീ നാല് ദ്വാരപാലകന്മാർ മോക്ഷദ്വാരത്തിലുണ്ടെന്നും അവയിൽ ഒരാളെ സ്വാധീനമാക്കിയാൽ ബാക്കിയുള്ളതും സ്വാഭാവികമായി വശപ്പെടുമെന്ന രഹസ്യം കൂടി ഓർമ്മിപ്പിച്ചു.

## അദ്ധ്യാരോപാപവാദങ്ങൾ

പ്രപഞ്ചമില്ലാത്ത ആത്മവസ്തുവിൽ പ്രപഞ്ചമുണ്ടെന്ന തോന്നലാണ് അദ്ധ്യാരോപം. കയറിനെക്കണ്ടിട്ട് അത് പാമ്പാണെന്ന് തോന്നുന്നതു പോലെ. ''ബ്രഹ്മത്തിൽ പ്രപഞ്ചമില്ല'' എന്ന നിഷേധമാണ് അപവാദം. അതായത് ബ്രഹ്മത്തിൽ നിന്ന് അന്യമായി യാതൊന്നുമില്ല എന്ന ദൃഢമായ ബോധം. അവിടെ കയറുമാത്രമേ ഉള്ളൂ. അത് പാമ്പല്ല എന്ന യാതൊരു മാറ്റവുമില്ലാത്ത അനുഭവം പോലെ.

## ചിത്തത്തിന്റെ അവസ്ഥകൾ

ക്ഷേപം, വിക്ഷിപ്തം, ഏകാഗ്രം, രുദ്ധം എന്നീ അഞ്ച് അവസ്ഥകൾ ചിത്തത്തിനുണ്ടെന്നും അവയെ യോഗം, ജ്ഞാനം, എന്നിവയാൽ ഇല്ലാതാക്കിയാൽ മാത്രമേ ഏതൊരാളിനും ചിത്തനിഗ്രഹം സാധ്യമാകൂവെന്നും സവിസ്തരം സ്വാമികൾ പ്രതിപാദിച്ചു.

## ത്രിവിധകർമ്മങ്ങൾ

ജീവന്മാർക്ക് മൂന്നു വിധത്തിലുള്ള കർമ്മങ്ങൾ ഉണ്ട്. പ്രാരബ്ധം, സഞ്ചിതം, ആഗാമികം എന്നിവയാണവ. ഈ വിഷയം അല്പം കൂടി വിശദമാക്കുകയാണ്.

ഏതൊരു ജീവനും അസംഖ്യം ശരീരങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യ ശരീരം എന്നാണ് കിട്ടിയതെന്ന് പറയാൻ കഴിയില്ല. ഏതൊരാളും ത്രികരണങ്ങളാൽ സദാ കർമ്മനിരതരാണ്. അതിൽ നിന്നെല്ലാം പുണ്യ-പാപങ്ങളാകുന്ന കർമ്മഫലങ്ങളും നേടുന്നു.

മുൻജന്മം ചെയ്ത പക്വമായ കർമ്മഫലമാണ് ഇപ്പോൾ കിട്ടിയ ശരീരം. അതാണ് പ്രാരബ്ധകർമ്മഫലം. അതിൽ നിന്നുമുണ്ടാകുന്ന സുഖ-ദുഃഖങ്ങൾ അനുഭവിച്ചു കഴിയുമ്പോൾ ജീവൻ നിലവിലുള്ള ശരീരത്തെ ഉപേക്ഷിക്കും. പക്വമാകാത്ത കർമ്മഫലത്തെയാണ് സഞ്ചിതമെന്നുപറയുന്നത്. ഇപ്പോഴുള്ള ജന്മത്ത് ചെയ്തു കൂട്ടിയ കർമ്മഫലവും സഞ്ചിതത്തിലാണ് ചെന്നുചേരുന്നത്. അതിലുള്ള പക്വമായ കർമ്മഫലമാണ് അടുത്തജന്മത്തിന് കാരണമാകുന്നത്. ചെയ്യാൻ പോകുന്ന കർമ്മങ്ങളെ ആഗാമികമെന്നു പറയും. അതിലൊരു നിയന്ത്രണം വരുത്തിയാൽ, അതായത് കർമ്മങ്ങളെല്ലാം ഈശ്വരാർപ്പണമായി ചെയ്താൽ, കർമ്മഫലം കർത്താവിനെ ബാധിക്കില്ല. ഈശ്വരാർപ്പണമെന്നു പറഞ്ഞാൽ കർതൃത്വ-ഭോക്തൃത്വരഹിതമായി ചെയ്യുന്ന കർമ്മമെന്നാണർത്ഥം. കർമ്മഫലം എത്ര കാലം അവശേഷിക്കുന്നുവോ അത്രയും കാലം ജീവന് ജന്മങ്ങൾ സ്വീകരിക്കേണ്ടിവരും. എപ്പോഴാണ്  കർമ്മഫലം ശേഷിക്കാതെയിരിക്കുന്നത് അപ്പോൾ പിന്നെ ജീവന് യാതൊരുവിധ ജന്മവും ഉണ്ടാകില്ല. അതായത് ബ്രഹ്മാവസ്ഥയെ പ്രാപിക്കും.

ആദ്ധ്യാത്മിക ശാസ്ത്രതത്ത്വഗ്രഹണത്താൽ ഈശ്വരാർപ്പണബുദ്ധ്യാ കർമ്മം ചെയ്യുന്ന ജ്ഞാനിയെ ആഗാമിക കർമ്മഫലം  സ്പർശിക്കില്ല. ചേമ്പിലയിലും താമരദളത്തിലും ജലസ്പർശം ഉണ്ടാകാത്തതുപോലെ. സൂര്യൻ ഇരുട്ടിനേയും അഗ്നിപുൽക്കൊടിയേയും ക്ഷണനേരത്താൽ ഭസ്മമാക്കുന്നതുപോലെ ജ്ഞാനാഗ്നി സഞ്ചിതകർമ്മഫലങ്ങളെ ഭസ്മമാക്കും. വിറകിന്റെ അംശം ഇല്ലാതാകുമ്പോൾ അഗ്നി സ്വയമേവ ശമിക്കുന്നതുപോലെ ജ്ഞാനികളും പ്രാരബ്ധകർമ്മഫലം സ്വയമേവ അനുഭവിച്ചു തീർക്കുന്നു.

**മായാസ്വരൂപം**

മായ, ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അത് അനിർവചനീയവും അചിന്ത്യവും അനാദിയുമാണെന്ന് ഈ ഗ്രന്ഥം വിശദമാക്കുന്നു. ശക്തിയുള്ള തിനാലാണ് മായയെന്ന് പറയുന്നത്. എപ്പോഴാണോ വിദ്യയുണ്ടാകുന്നത് അപ്പോൾത്തന്നെ അവിദ്യാനാമധാരിണികൂടിയായ മായ ഇല്ലാതാകും. ശ്രീമദ് ഭാഗവതം രണ്ടാം സ്കന്ധത്തിൽ പുരാണകർത്താവ് മായയെക്കുറിച്ച് പറഞ്ഞത് ഇങ്ങനെയാണ്.

> **"ഋതേƒർത്ഥം യത് പ്രതീയേത**
> **ന പ്രതീയേത ചാത്മനി**
> **തദ്വിദ്യാദാത്മനോ മായാം**
> **യഥാഭാസോ യഥാ തമഃ"** (ഭാഗ: II-10-33)

അതായത് ഉള്ളതിനെ ഇല്ലാത്തതെന്നും ഇല്ലാത്തതിനെ ഉള്ളതെന്നും തോന്നിപ്പിക്കുന്ന ശക്തിയെയാണ് മായയെന്ന് പറയുന്നത്. കണ്ണിന്റെ വൈകല്യം കൊണ്ട് രണ്ട് ചന്ദ്രൻ ഉള്ളതുപോലെ തോന്നാം. ഇതുപോലെ ഇല്ലാത്ത തമോഗ്രഹം (രാഹു) ഉണ്ടെന്നും തോന്നാം.

ജീവൻ, ഈശ്വരൻ, ബ്രഹ്മം, മായ ഇവയ്ക്കൊന്നും തന്നെ ആദിയില്ല. എന്നാൽ ബ്രഹ്മം ത്രികാലങ്ങളിലും അഖണ്ഡമാണ്; അനന്തവുമാണ്. ഇതിൽ നിന്നും അന്യമായി യാതൊന്നും ഇല്ലേ ഇല്ല. ഉണ്ടെന്ന് തോന്നിക്കുന്നതിനെല്ലാം അന്ത്യവുമുണ്ട്.

**ജീവസ്വരൂപം**

ജീവസ്വരൂപത്തെക്കുറിച്ച് പലേ അഭിപ്രായങ്ങളുണ്ടെങ്കിലും ഉത്തമമായ അഭിപ്രായം ഇതാണെന്ന് പത്തൊമ്പതാം ഖണ്ഡത്തിൽ പറയുന്നു.

> **"അജ്ഞാനാംശത്തിലുള്ള ചേതനാഭാസൻ,**
> **അജ്ഞാനാംശത്തിന്നധിഷ്ഠാനമാം കൂടസ്ഥൻ മേ-**
> **ലജ്ഞാനാംശവും ചേർന്നാലുത്തമപക്ഷമിതാം."**

സ്വാമികൾ കൂടസ്ഥ-ജീവചേതനകളെക്കുറിച്ച് പറഞ്ഞത് അല്പം വിശദമാക്കാം.

വിശ്വമാകെ തിങ്ങിനിറഞ്ഞുപരിലസിക്കുന്ന പരമാത്മചേതന, കൂടസ്ഥനെന്ന പേരിൽ ഏതൊരു ജീവിയുടെയും ശരീരത്തിനുള്ളിൽ വിരാജിക്കുന്നു 'ശരീരമാകുന്ന കൂടത്തിൽ സ്ഥിതനായവൻ' എന്ന അർത്ഥത്തിലാണ് കൂടസ്ഥൻ എന്ന പേരുകിട്ടിയത്. എപ്പോഴാണോ ശരീരം രൂപപ്പെടുന്നത് അപ്പോൾത്തന്നെ അതിൽ അനുപ്രവേശിക്കുന്ന പരബ്രഹ്മചേതനയുടെ പ്രതിബിംബം വാസനാമയ

മായ അന്തഃകരണത്തിൽ പ്രതിബിംബിക്കും. പ്രസ്തുത പ്രതിബിംബത്തെയാണ്, ചേതനാഭാസൻ അഥവാ ജീവനെന്നുപറയുന്നത്. ജീവനോടൊപ്പം അന്തഃകരണത്തിൽ നിന്നും പൊന്തിവന്ന ഞാനെന്ന ഭാവവുമായി ജീവൻ താദാത്മ്യപ്പെടുന്നതിനാൽ ശരീരധർമ്മങ്ങൾ തന്റേതായി ജീവൻ തെറ്റിദ്ധരിക്കുന്നു. അതുകൊണ്ടാണ് താൻ കൂടസ്ഥനായ ബ്രഹ്മമാണെന്നുള്ള വസ്തുത വിസ്മരിച്ച്, ശരീരമാണെന്ന് തെറ്റിദ്ധരിക്കുന്നത്.

എപ്പോഴാണോ അന്തഃകരണം അഥവാ മനസ്സ് ഇല്ലാതാകുന്നത്, അപ്പോൾ ജീവന് സ്വസ്വരൂപസ്മൃതി ഉണ്ടാകുന്നു. അതായത് “ അഹം ബ്രഹ്മാസ്മി ” എന്നുള്ള അനുഭവം ഉണ്ടാകുന്നു.

## ജീവൻമുക്തന്റെ ലക്ഷണം

ശരീരിയായിരിക്കുമ്പോൾ തന്നെ ബ്രഹ്മാനുഭവം ഉണ്ടായി, പരമാനന്ദനിമഗ്നരായി പരിശോഭിക്കുന്ന മഹാത്മാക്കളാണ് ജീവന്മുക്തന്മാർ. അവരുടെ ലക്ഷണത്തെക്കുറിച്ച് ഇരുപത്തൊന്നാം ഖണ്ഡത്തിൽ പറയുന്നതിങ്ങനെയാണ്.

**“ആനന്ദം സദാ ചിത്തേ വളരും മഹാന്മാരും**
**മനസാ പ്രപഞ്ചത്തിൻ സ്മൃതിവിട്ടവരും**
**വാസനാരഹിതമാം ബോധമുള്ളവർകളും**
**ശ്വാസോച്ഛ്വാസങ്ങൾ ചെയ്തും ചെയ്യാത്തോരും മുക്തന്മാർ”.**

ഇങ്ങനെ നിരവധി ലക്ഷണങ്ങൾ പറയുന്നുണ്ട്.

## സ്ഥിതപ്രജ്ഞലക്ഷണം

മനസ്സിലുണ്ടാകുന്ന കാമങ്ങളെ മുഴുവൻ ഉപേക്ഷിച്ച് തന്റെ ഉള്ളിലെ ആത്മാവിൽ രമിച്ച് സദാ ആനന്ദം അനുഭവിക്കുന്നവരാണ് സ്ഥിതപ്രജ്ഞന്മാർ. ശബ്ദാദി ഇന്ദ്രിയ വിഷയങ്ങളിൽ നിന്നും ആമ, ഇന്ദ്രിയങ്ങളെ എങ്ങനെയാണോ ശരീരത്തിനുള്ളിലേയ്ക്ക് പിൻവലിക്കുന്നത് അതുപോലെ അവർ ഇന്ദ്രിയങ്ങളെ ഉള്ളിലേക്ക് പിൻവലിച്ച് ആത്മചേതനയിൽ ഉറപ്പിക്കും. അങ്ങനെയുള്ളവർ ധീരന്മാരും സംഗരഹിതന്മാരുമാണ്. ഈ വസ്തുത ശ്രീമദ് ഭഗവദ് ഗീതയിലും പരാമർശിച്ചിട്ടുണ്ട്.

## ‘തത്ത്വമസി’ വാക്യാർത്ഥം

മായ, മായയിലുള്ള പ്രതിബിംബം, മായയ്ക്ക് അധിഷ്ഠാനമായ ബ്രഹ്മം ഇവ മൂന്നും ഒന്നിച്ചുചേർന്നതാണ് ‘തത്’എന്ന പദത്തിന്റെ വാച്യാർത്ഥം. ബ്രഹ്മം മാത്രമാണ് ‘തത്’പദത്തിന്റെ ലക്ഷ്യാർത്ഥം.

അവിദ്യ, അവിദ്യയിലുള്ള പ്രതിബിംബം, അവിദ്യയ്ക്ക് അധിഷ്ഠാനമായ സാക്ഷി ചൈതന്യം ഇവ മൂന്നും ഒന്നിച്ചുചേർന്നതാണ് 'ത്വം' പദത്തിന്റെ വാച്യാർത്ഥം. സാക്ഷിയും കൂടസ്ഥനുമായ ചൈതന്യം മാത്രമാണ് 'ത്വം' പദത്തിന്റെ ലക്ഷ്യാർത്ഥം.

'തത്', 'ത്വം' എന്നീ പദങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതിന് വാച്യാർത്ഥമായ ജീവനും ഈശ്വരനും തമ്മിൽ വിരോധം ഉള്ളതുകൊണ്ട് അവയുടെ വിരുദ്ധാംശങ്ങളെ വിട്ട്, അവയിൽ വിരോധമില്ലാത്ത അംശമായ ബ്രഹ്മചൈതന്യം ഒന്നാകയാൽ, ലക്ഷ്യാർത്ഥമായ അവ തമ്മിലുള്ള ഐക്യത്തെയാണ് ''തത്ത്വമസി'' കൊണ്ട് ബോധ്യമാക്കുന്നത്.

ഉദാ: പുത്രൻ, പൗത്രൻ എന്നീ ഉപാധികളില്ലാതാകുമ്പോൾ പിതാവ്, പിതാമഹൻ എന്നീ ഭാവങ്ങളില്ലാതെ ''ദേവദത്തൻ'' മാത്രം അവശേഷിക്കുന്നു. അതുപോലെ 'പന്തം, തിരി' എന്നീ ഉപാധികൾ വിടുമ്പോൾ ചുവപ്പ്, ചൂട്, പ്രകാശം എന്നീ ഗുണങ്ങളോടുകൂടിയ അഗ്നിമാത്രം അവശേഷിക്കുന്നു. അതുപോലെ മായ, അവിദ്യ എന്നീ ഉപാധികൾ വിടുമ്പോൾ അവയിൽ യഥാക്രമം പ്രതിഫലിച്ച പ്രതി ബിംബമായ ഈശ്വരനും ജീവനും ഇല്ലാതായി സച്ചിദാനന്ദസ്വരൂപവും ബിംബവുമായ പരബ്രഹ്മം മാത്രം അവശേഷിക്കുന്നു.

ഇപ്രകാരം വിചാരം ചെയ്തിട്ട് **''പരമാത്മാവായ ബ്രഹ്മം തന്നെയാണ് എന്റെ യഥാർത്ഥ സ്വരൂപം. ഞാൻ ബ്രഹ്മമാകുന്നു, ബ്രഹ്മം തന്നെയാണ് ഞാൻ''** എന്ന അനുഭവം ആർക്കുണ്ടാകുന്നുവോ അവനാണ് മുക്തി സിദ്ധിക്കുന്നത്.

## ത്രിഗുണങ്ങളുടെ സ്വഭാവം

സാത്വികം, രാജസം, താമസം എന്നിവയാണല്ലൊ ത്രിഗുണങ്ങൾ. സത്യ-ധർമ്മാദി ബോധം, ഭൂതദയ, ഈശ്വരചിന്ത, സന്തോഷം, ഏകാഗ്രത ഇത്യാദികൾ സാത്വികഗുണ സ്വഭാവമാണ്. ദ്വേഷ്യം, കർമ്മനിരത, മാൽസര്യം, മനശ്ചാബല്യം ഇത്യാദികളാണ് രാജ സഗുണ സ്വഭാവങ്ങൾ. ആലസ്യം, പരദ്രോഹം, നിദ്ര തുടങ്ങിയവയാണ് താമസഗുണ സ്വഭാവങ്ങൾ.

ബ്രഹ്മവിത്തുക്കൾ മൂന്നുതരക്കാരാണ്. ലോകപ്രധാനൻ, വിവേകി, സമാധിസ്ഥൻ എന്നിവരാണ് ബ്രഹ്മവിത്തുക്കളെന്നും ഒപ്പം അവരുടെ ലക്ഷണങ്ങളും മുപ്പതാം ഖണ്ഡത്തിൽ ഇങ്ങനെ പ്രതിപാദിച്ചിട്ടുണ്ട്.

**''ലൗകിക വ്യവഹാരം പ്രധാനനുണ്ടായ്‌വരും**
**ശോകേർഷ്യമദാദികൾ ബന്ധിക്കയില്ലതാനും**
**വിവേക പ്രധാനനുള്ളീവകയടക്കിടും**
**സവിധേപോലും വരാ സമാധിയുക്തനെങ്കിൽ.''**

## പരമാത്മാവിന്റെ സ്വരൂപനിർണ്ണയം

ആദ്യന്തരഹിതൻ, നിർഗുണൻ, ഹൃദയനിവാസൻ, അകർമ്മി, നിസംഗൻ, നിർമ്മലൻ, സൂക്ഷ്മതരൻ, സർവ്വവ്യാപി, സർവ്വലോകചക്ഷുസ്സ് ഇത്യാദികളാണ് പരമാത്മാ സ്വരൂപലക്ഷണങ്ങൾ.

## ബ്രഹ്മസത്യം ജഗന്മിഥ്യ

ത്രികാലങ്ങളിലും യാതൊരുവിധ മാറ്റത്തിനും വിധേയമാകാതെ ജീവരാശികളുടെ ഉള്ളും പുറവും ഒരുപോലെ തിങ്ങിനിറഞ്ഞു പരിലസിക്കുന്ന ചൈതന്യമാണ് ബ്രഹ്മം. പ്രപഞ്ചസൃഷ്ടിക്കു മുൻപേയുള്ളതും അതിന് ശേഷമുള്ളതും ജഗന്നാശം വരുമ്പോൾ അവശേഷിക്കുന്നതുമാണീ ബ്രഹ്മം. പ്രപഞ്ചമുണ്ടായാലും അപ്പോഴും ബ്രഹ്മം മാത്രമേയുള്ളൂ. അങ്ങനെ പറയാനുള്ള കാരണമിതാണ്. ബ്രഹ്മത്തിൽ പ്രതീയമാനമായതാണ് സകലജീവരാശികളും ഉൾപ്പെട്ട ഈ പ്രപഞ്ചം. നമ്മുടെ ശരീരങ്ങളും ഓരോ കൊച്ചു പ്രപഞ്ചങ്ങളാണ്, ഇതെല്ലാം കേവലം ഭ്രാന്തിമാത്രമാണ്. സത്യത്തിൽ ഉള്ളത് ബ്രഹ്മം മാത്രം.

‘‘ഈശാവാസ്യമിദം സർവ്വം’’. ‘‘സർവ്വം ഖല്വിദം ബ്രഹ്മ’’ തുടങ്ങിയ ഉപനിഷത് വാക്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്. പ്രപഞ്ചം ഉണ്ട് എന്നത് ഒരു തോന്നൽ മാത്രമാണെന്ന് സ്വാമികൾ ചില ഉദാഹരണങ്ങളിലൂടെ വിശദമാക്കുന്നു.‘‘കാനൽ ജലം, മഹാദേവന് മരണം, മുയൽക്കൊമ്പ്, വന്ധ്യാപുത്രന്റെ വാക്ക്, അന്ധന്റെ രത്നത്തിന്റെ വിലപറയൽ, മനുഷ്യന്റെ കൊമ്പു കൊണ്ടുള്ള ജന്തുവിന്റെ മരണം, സർപ്പങ്ങളുടെ ബന്ധു ഗരുഡൻ’’ ഇപ്പറഞ്ഞതെല്ലാം സത്യമാണെങ്കിൽ പ്രപഞ്ചവും സത്യം തന്നെയാണ്.

അതിനാൽ ദൃഷ്ടിക്കുഗോചരമായ ശരീരാദികൾ ഉൾപ്പെട്ട പ്രപഞ്ചം മനസ്സിന്റെ ഒരു ഭ്രാന്തി മാത്രമാണെന്നറിഞ്ഞ്, സകലരും, ഹൃദയഗുഹയിൽ സത്യവസ്തുവായി പരിലസിക്കുന്ന ആത്മചേതനയെ ധ്യാനിച്ച് ബ്രഹ്മത്വം പ്രാപിക്കുക. അതാണ് മർത്യജന്മത്തിന്റെ മുഖ്യലക്ഷ്യം. ഇതിൽ മുഖ്യതടസ്സം സ്ത്രീകളെക്കുറിച്ചുള്ള ചിന്തയാണെന്നുകൂടി മുപ്പത്തിഏഴാം ഖണ്ഡത്തിൽ സ്വാമികൾ വ്യക്തമാക്കുന്നു.

> **‘‘അഗ്നികുണ്ഡത്തോടൊക്കും നാരിമാരരികത്തു-**
> **ഭഗ്നരാം ഘൃതകുംഭം കണക്കു പുരുഷന്മാർ.**
> **കുചമാദിയായ് ഭഗത്തോളവും നരകമാ-**
> **മചിന്ത്യ ദുഷ്ടവ്രണക്കടലിൽ ജനിച്ചിട്ട്**
> **തിങ്ങിന മോദാൽ തത്ര രമിക്കും മൂഢജന-**
> **മെങ്ങനെ കരകാണുന്നെന്നവധൂതഗീതാ.** - എന്നും

പക്ഷികളാകുന്ന മനുഷ്യരുടെ ശരീരാവയവങ്ങളെ കെട്ടുന്നതാണ് വേടന്റെ

വലയാകുന്ന സ്ത്രീയെന്നും നരകമാകുന്ന അഗ്നിയെ ജ്വലിപ്പിക്കുന്ന വിറകാണ് സ്ത്രീയെന്നും സ്വാമികൾ അഭിപ്രായപ്പെടുന്നു.

## ഭിക്ഷുക്കളുടെ ലക്ഷണം

ഭിക്ഷുക്കൾ ആറുവിധക്കാരാണ്. ജിഹ്മൻ, പണ്ഡകൻ, പംഗു, അന്ധൻ, ബധിരൻ, മുഗ്ദ്ധൻ എന്നിവരാണവർ.

## രാഗാദിവൃത്തികൾ

രാഗം, ദ്വേഷം, ക്രോധം, കാമം, ലോഭം, മോഹം, മദം, മാൽസര്യം, ഈർഷ്യ, അസൂയ, ദംഭം, ദർപ്പം, അഹങ്കാരം, ഈഹ, ഭക്തി, ശ്രദ്ധ എന്നീ പതിനാറെണ്ണമാണ് മനസ്സിലെ ദോഷങ്ങൾ. ഇതെല്ലാം പൂർണ്ണമായും നഷ്ടമായാലേ മനഃശുദ്ധി ഉണ്ടാകൂ. ഇവയിൽ ഭക്തിയും ശ്രദ്ധയും മുക്തിക്കുള്ള കാരണങ്ങളാണ്. അപ്പോൾ നിർമ്മലമായ ഭക്തി-ജ്ഞാന-വൈരാഗ്യങ്ങളുണ്ടാകും. തുടർന്ന് ആത്മചേതനയെ അനുഭവിക്കാൻ കഴിയും. പ്രസ്തുത രാഗാദികളെല്ലാം ആത്മചേതനയെ മറയ്ക്കുന്ന ആവരണങ്ങളാണ്. തന്മൂലം ആത്മപ്രകാശം പുറത്തേക്ക് പ്രസരിക്കില്ല. അതുകൊണ്ടാണ് നമ്മളിൽ ബഹുഭൂരിപക്ഷത്തിനും ബ്രഹ്മാനുഭവം ഉണ്ടാകാത്തത്. കരിപിടിച്ച റാന്തൽവിളക്കിനു സമാനമാണ് നമ്മുടെ മനസ്സ്. വിളക്കിൽ ദീപമുണ്ടെങ്കിലും ഗ്ലാസ്സിൽ കരിനിറഞ്ഞിരുന്നാൽ വെളിച്ചം കിട്ടില്ല. കരിതുടച്ചുവൃത്തിയാക്കിയ ഗ്ലാസ്സാണിരിക്കുന്നതെങ്കിൽ മാത്രമേ വെളിച്ചം കിട്ടൂ.

## വിവിധ സംസാരങ്ങൾ

ജ്ഞാതാവ്, ജ്ഞാനം, ജ്ഞേയം, കർത്താവ്, കരണം, ക്രിയാ, ഭോക്താവ്, ഭോഗം, ഭോഗ്യം എന്നീ ഒമ്പതെണ്ണമാണ് സംസാരങ്ങൾ.

## അജ്ഞാനകാരണങ്ങൾ

പഞ്ചഭൂതങ്ങൾ, ജ്ഞാന-കർമ്മേന്ദ്രിയങ്ങൾ, പഞ്ചപ്രാണന്മാർ, അന്തഃകരണ വൃത്തികൾ, സ്ഥൂലശരീരം, ത്രിവിധകർമ്മങ്ങൾ, ജാഗ്രദാദി മൂന്ന് അവസ്ഥകൾ ഇവയെല്ലാമാണ് അജ്ഞാനത്തെ ജനിപ്പിക്കുന്നത്.

## വിവിധ സംന്യാസങ്ങൾ

കുടീചകൻ, ബഹുദൂകൻ, ഹംസൻ, പരമഹംസൻ, തുര്യാതീതൻ, അവധൂതൻ എന്നിവരാണ് വിവിധ സംന്യാസികൾ. ഇവരെക്കുറിച്ചുള്ള വിശദവിവരങ്ങളും ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

## ആത്മാവിന്റെ സ്വരൂപനിർണ്ണയം

മുക്തിനേടാൻ ഏറ്റവും ശ്രേഷ്ഠമായ മാർഗ്ഗം ഭക്തിയാണ്. സദാനേരവും

സ്വസ്വരൂപമായ പരമാത്മാവിനെ വിചിന്തനം ചെയ്താൽ ബ്രഹ്മത്വം പ്രാപിക്കാൻ കഴിയും. ആത്മാവിന്റെ വിശേഷണത്തെക്കുറിച്ച് നാല്പത്തിമൂന്നാം ഖണ്ഡത്തിൽ പറയുന്നത് ഇങ്ങനെയാണ്.

**"ആത്മാ കൂടസ്ഥൻ നിത്യമുക്തൻ നിർഗുണൻ പരൻ**
**കല്മഷഹീനൻ സദാനന്ദൻ നിഷ്കളനജൻ."**

ശ്രീമദ് ഭാഗവതത്തിൽ, പ്രഹ്ലാദൻ, കൂട്ടുകാരോട് ആത്മാവിന്റെ വിശേഷണത്തെക്കുറിച്ച് പറഞ്ഞതിങ്ങനെയാണെന്നുകൂടി ശ്രദ്ധിക്കുക.

**"ആത്മാ നിത്യോഽവ്യയഃ ശുദ്ധഃ**
**ഏകഃ ക്ഷേത്രജ്ഞ ആശ്രയഃ**
**അവിക്രിയഃ സ്വദൃഗ് ഹേതുർ-**
**വ്യാപകോഽസംഗ്യനാവൃതഃ"** (ഭാഗ : VII-7-19)

## ബ്രഹ്മോപാസകരുടെ വിവിധഗതികൾ

മോക്ഷലബ്ധിക്ക്, ബ്രഹ്മോപാസന ചെയ്യുന്ന സാധകർ ശരീരം വെടിഞ്ഞശേഷം അഗ്നി, വായു എന്നീ ദേവതമാരുടെ ലോകത്തെത്തുന്നു. തുടർന്ന് അവിടെ നിന്ന് ബ്രഹ്മാവിന്റ ലോകത്തുമെത്തും. പ്രസ്തുത ഉപാസകർക്ക് സൃഷ്ട്യാദികർമ്മങ്ങളിൽ കർതൃത്ത്വഭാവമില്ല. അവർ പ്രളയകാലത്ത് ബ്രഹ്മാവിനൊപ്പം ബ്രഹ്മത്വം പ്രാപിക്കുന്നു. ഇഷ്ടാപൂർത്താദികളാൽ ദേവതോപാസന ചെയ്യുന്നവർ, ദക്ഷിണായനകാലത്ത്, കാലം, ധൂമരാത്രി എന്നീ മാർഗ്ഗങ്ങളിലൂടെ പിതൃലോകം, ഇന്ദ്രലോകം, ചന്ദ്രലോകം എന്നിവിടെങ്ങളിൽ എത്തുന്നു. പുണ്യഫലത്താൽ സുഖഭോഗാദികൾ അനുഭവിച്ചശേഷം വീണ്ടും മർത്ത്യലോകത്തു വന്നു ജനിക്കുന്നു.

## ഉപാസനകൾ

അപരബ്രഹ്മോപാസന, പരബ്രഹ്മോപാസന എന്നിങ്ങനെ രണ്ടുവിധമുണ്ട് . അപരബ്രഹ്മോപാസന സഗുണവും പരബ്രഹ്മോപാസന നിർഗുണവുമാണ്. നിർഗുണോപാസനയിലാണ് മോക്ഷലബ്ധി. എന്നാൽ അപരബ്രഹ്മോപാസനയിൽ (ദേവതാവിഗ്രഹോപാസന) ബ്രഹ്മലോകത്താണെത്തുക.

## വിവിധ മുക്തികൾ

സാലോക്യം, സാർഷ്ട്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നിങ്ങനെ അഞ്ചുവിധത്തിൽ മുക്തികളുണ്ട്. സാർഷ്ട്യമെന്നാൽ ബ്രഹ്മാവിനുതുല്യമാകലാണ്. സായൂജ്യമെന്നാൽ മുക്തിയുമാണ്. ഭഗവത്ലോകത്ത് വസിക്കുമ്പോൾ സാലോക്യമെന്നും സമീപത്തുവസിക്കുമ്പോൾ സാമീപ്യമെന്നും ഭഗവാന്റെ

സ്വരൂപമായാൽ സാരൂപ്യമെന്നും പറയും.

## മുക്തിമാർഗ്ഗങ്ങൾ

ശുകമാർഗ്ഗമെന്നും വാമദേവമാർഗ്ഗ (പിപീലികാമാർഗ്ഗം) മെന്നും രണ്ടുതരം മുക്തിയുണ്ട്. സ്വസ്വരൂപം സാക്ഷാൽ പരബ്രഹ്മം മാത്രമാണെന്നറിഞ്ഞ് മുക്തി പ്രാപ്തിക്കുന്നതാണ് ശുകമാർഗ്ഗം. അതിനെ സദ്യോക്തിയെന്നു പറയും.

യമ, നിയമാദി അഷ്ടാംഗ യോഗത്താൽ ഉണ്ടാകുന്ന അണിമാദി അഷ്ടൈശ്വര്യാദികളിൽ ആകൃഷ്ടരായി ജീവിച്ചാൽ മുക്തികിട്ടില്ല. അവർ യോഗഭ്രഷ്ടരായി വീണ്ടും മർത്യനായി ജനിച്ച് വീണ്ടും അഷ്ടാംഗ യോഗാഭ്യാസത്താൽ വാമദേവമാർഗ്ഗത്തിലൂടെ ക്രമേണ ബ്രഹ്മത്വം പ്രാപിക്കുന്നു. അങ്ങനെയുള്ളതിനെയാണ് ക്രമമുക്തിയെന്നു പറയുന്നത്. ബ്രഹ്മശ്രീ ചട്ടമ്പിസ്വാമിത്തിരുവടികൾ ശുകമാർഗ്ഗത്തിലൂടെ ഉയർന്ന് സദ്യോക്തി നേടിയെന്ന് ശ്രീനാരായണ ഗുരുദേവൻ, ചട്ടമ്പിസ്വാമികളുടെ സമാധിയെ സംബന്ധിച്ച ശ്ലോകത്തിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്.

**"സർവ്വജ്ഞഃ ഋഷിരുത്ക്രാന്തഃ**
**സദ്ഗുരു ശുകവർത്മനാ**
**ആഭാതി പരമ വ്യോമ്നി**
**പരിപൂർണ്ണ കലാനിധിഃ"**

(സർവ്വജ്ഞനും ഋഷിയുമായ സദ്ഗുരു, ശുകമാർഗ്ഗത്തിലൂടെ ഉയർന്ന് പരമ വ്യോമത്തിൽ പരിപൂർണ്ണ കലാനിധിയായി സർവ്വത്ര പ്രകാശിക്കുന്നു.)

## ഉപസംഹാരം

ബ്രഹ്മശ്രീ നീലകണ്ഠതീർത്ഥപാദർ സ്വാമികളുടെ വേദാന്ത മണിവിളക്ക് എന്ന ഈ അമൂല്യഗ്രന്ഥത്തിൽ സകല ആദ്ധ്യാത്മിക തത്ത്വശാസ്ത്രങ്ങളും, പദ്യരൂപത്തിൽ, ഒതുക്കി വച്ചിട്ടുണ്ട്. അതെല്ലാം സവിസ്തരം ഈ പ്രബന്ധത്തിൽ, ആയിരത്തിയഞ്ഞൂറ് വാക്കുകൾക്കുള്ളിൽ, വിശദമാക്കാൻ കഴിയില്ല. അദ്ധ്യാത്മ മാർഗ്ഗത്തിൽ സഞ്ചരിച്ച്, മർത്യജന്മം സഫലമാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു **"മണിവിളക്കു"** തന്നെയാണ് ഈ ഗ്രന്ഥം. ഇതിന് സവിസ്തരം ഒരു വ്യാഖാനമുണ്ടായാൽ ജ്ഞാനജിജ്ഞാസുക്കൾക്ക് ഏറെ പ്രയോജനപ്പെടും. പരബ്രഹ്മസ്വരൂപിയായ സ്വാമിതൃപ്പാദങ്ങളുടെ അനുഗ്രഹം ഏവർക്കുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ പ്രബന്ധം ചുരുക്കുന്നു.

- ശുഭം -